# മരണവും - ന്യായവിധിയും സുനിശ്ചിതമാണ്

## എബ്രായർ 9:27-28

**"ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെ തന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും."**

ജീവിതം അനിശ്ചിതമാണ്, നാളയെക്കുറിച്ച് നമുക്ക് അറിയില്ല. ലോകം ഓരോ ദിവസവും മാറിമറിയുകയാണ്. രോഗങ്ങൾ, മഹാമാരി, യുദ്ധങ്ങൾ എല്ലാം നമ്മുടെ കണ്മുൻപിൽ നാം കാണുന്നു, അനുഭവിക്കുന്നു.

ദൈവവുമായുള്ള ഒരു ആത്മബന്ധത്തിലൂടെ മാത്രമേ ഇന്ന് ലോകത്തിൽ നടന്നുകൊണ്ടിരുക്കുന്ന ഈ പ്രശ്നങ്ങളിൽ നിന്നും നമുക്ക് സംരക്ഷണമുള്ളൂ. ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ (**കൊലൊസ്സ്യർ 2:6**). നാം വിശ്വസ്തരായി സകല മേഖലകളിലും യേശുവിനെപോലെ ജീവിക്കുവാൻ ഇടയാകണം. നമ്മിൽ ദൈവവുമായുള്ള കൂട്ടായ്മ എപ്പോൾ നഷ്ടപ്പെടുന്നുവോ അപ്പോൾ ശത്രു നമ്മിൽ പ്രവർത്തിക്കുവാൻ ആരംഭിക്കും. അതിനാൽ നാം പൂർണമായും ക്രിസ്തുവിൽ നടക്കണം, ജ്ഞാനത്തിൽ നടക്കണം, വെളിച്ചത്തിൽ നടക്കണം, സ്നേഹത്തിൽ നടക്കണം, സത്യത്തിൽ നടക്കണം, പ്രത്യാശയിൽ നടക്കണം, ന്യായപ്രമാണത്തിൽ നടക്കണം. ഓരോ ദിവസവും നാം ദൈവത്തോടുകൂടെ നടക്കണം. ഹാനോക് നടന്നതു പോലെ ദൈവത്തോടു കൂടെ നടന്നാൽ, നമുക്ക് ലോകത്തിൽ ഉണ്ടാകുന്ന ഈ പ്രശ്നങ്ങളെ തരണം ചെയ്യുവാൻ സാധിക്കും.

നാളെയെക്കുറിച്ച് നമുക്ക് അറിയില്ല, എന്നാൽ നമുക്ക് അറിയുന്ന നാലു കാര്യങ്ങളെ കുറിച്ചാണ് നാം ഇന്ന് ചിന്തിക്കുവാൻ പോകുന്നത്. നമ്മൾ ഇന്ന് വായിച്ച വാക്യത്തിൽ **ഉറപ്പുള്ള നാലു കാര്യങ്ങളെക്കുറിച്ചു** പറയുന്നുണ്ട് .

1. **മരണം:** ഒരിക്കൽ മരിക്കും, ജീവനുള്ള ശരീരത്തിൽ നിന്നും ജീവൻ നഷ്ടപ്പെടുന്ന പ്രതിഭാസമാണ് മരണം. പാപത്തിന്റെ ശമ്പളം മരണമത്രേ എന്ന് ദൈവവചനം വ്യക്തമാക്കുന്നു. പാപിയായിതീർന്ന മനുഷ്യരുടെ കേവലമായ ഏതെങ്കിലും കർമ്മങ്ങളോ, സത്പ്രവർത്തികളോ, സ്വയംപീഡകളോ, ധാനധർമ്മങ്ങളോ, അനുഷ്ഠാനങ്ങളോ കൊണ്ട് അവന് ദൈവവുമായുണ്ടായിരുന്ന ബന്ധത്തിലേക്ക്

തിരിച്ച് പോകുവാൻ സാദ്ധ്യമല്ല. ഭൂമിയിൽ ജനിക്കുന്ന സകല മനുഷ്യർക്കും ഒരു മരണവും പിന്നെ ന്യായവിധിയും ഉണ്ട് എന്ന് ദൈവ വചനം വെളിപ്പെടുത്തിയിരിക്കുന്നു. ഭൂമിയിൽ ജനിച്ചവരിൽ, യേശുക്രിസ്തു മാത്രം പാപം കൂടാതെ ജനിച്ചു, പാപം കൂടാതെ ജീവിച്ചു, പാപം കൂടാതെ മരിച്ചു അതുകൊണ്ട് അവൻ മരിച്ചു എങ്കിലും മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ കഴിഞ്ഞില്ല, അവൻ ദൈവാത്മാവിൽ ഉയർത്തപ്പെട്ടു.

2. ന്യായവിധി: അവനിൽ വിശ്വസിക്കുന്നവന് ന്യായവിധി ഇല്ല; വിശ്വസിക്കാത്തവന് ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു. (യോഹന്നാൻ 3:18)

വിശ്വസിക്കാതെ, ദൈവീകകല്പനകളെ അനുസരിക്കാതെ, വചനത്തിനു വിരുദ്ധമായി കാര്യങ്ങളെ ചെയ്യുന്നവനോ ന്യായവിധി വന്നുകഴിഞ്ഞു

മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന്നു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. (വെളിപ്പാടു 20:12)

വെള്ള സിംഹാസനത്തിന്റെ മുൻപിൽ നിൽകുമ്പോൾ അവിടെ മൂന്ന് പുസ്തകങ്ങൾ കാണാം എന്ന് വചനം പറയുന്നു. ഒന്ന് ജീവന്റെ പുസ്തകം, രണ്ടു ദൈവ വചനം, മൂന്ന് പ്രവർത്തികളുടെ പുസ്തകം. നമ്മുടെ പ്രവർത്തികൾ എപ്രകാരമാണ് എന്ന് നാം ചിന്തിക്കണം? ദൈവത്തെ പ്രസാദിപ്പിക്കുന്ന പ്രവർത്തിയാണോ അതോ ലോകത്തെ പ്രസാദിപ്പിക്കുന്ന പ്രവർത്തിയാണോ നാം ചെയ്യുന്നത്? ക്രിസ്തു പറയുന്നു എന്റെ വചനം കൈകൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കും. ഞാൻ സംസാരിച്ച വചനം തന്നേ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും. മനുഷ്യരുടെ വിധികളും, പ്രശംസാ വാക്കുകളുമനുസരിച്ചല്ല ദൈവം നമ്മെ ന്യായം വിധിക്കുന്നത് – നമ്മുടെ യഥാത്ര പ്രവർത്തികൾക്ക് ഒത്തവണ്ണമായിരിക്കും.

ജ്ഞാനിയായ ശലോമോൻ ഇപ്രകാരം പറഞ്ഞു തരുന്നു: ദൈവം നല്ലതും തീയതുമായ സകലപ്രവൃത്തിയെയും സകല രഹസ്യങ്ങളുമായി ന്യായ വിസ്താരത്തിലേക്കു വരുത്തുമല്ലോ. എല്ലാവരുടെയും ജീവിതം സ്വർഗ്ഗത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. നാം ഓരോരുത്തരും പ്രാധാന്യമുള്ളവരായിരിക്കുന്നതു പോലെ, നമ്മുടെ പ്രവർത്തികളും പ്രാധാന്യമുള്ളതാണ്. നമ്മുടെ കുറവുകൾ

മറ്റുള്ളവരുടെ മുൻപിൽ വെളിപ്പെട്ടു വരുമ്പോൾ നാം ലജ്ജിതരായി മാറുകയില്ലേ, അതിനാൽ വചനം പറയുന്നു ഞാൻ അവരുടെ അകൃത്യങ്ങളെക്കുറിച്ചു കരുണയുള്ളവൻ ആകും; അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല എന്നു കർത്താവിന്റെ അരുളപ്പാടു. (എബ്രായർ 8:12). നാം ക്രിസ്തുവിനെ ഏറ്റെടുത്ത്, നമ്മുടെ കുറവുകളും തെറ്റുകളും ദൈവസന്നിധിയിൽ ഏറ്റു പറഞ്ഞു, പുത്രന്റെ രക്തത്താൽ കഴുകൽ പ്രാപിച്ചാൽ പ്രവർത്തികളുടെ പുസ്തകത്തിൽ നിന്നും നമ്മുടെ തെറ്റുകൾ എന്നേക്കുമായി നീക്കം ചെയ്യും.

3. ക്രിസ്തു നമ്മുടെ പാപം വഹിച്ചു: പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കു വേണ്ടി പാപം ആക്കി. (2 കൊരിന്ത്യർ 5:21)

ദൈവത്തോട് അനുസരണക്കേട് കാണിച്ച് ദൈവിക കൂട്ടായ്മയിൽ നിന്ന് ആദിമ മനുഷ്യനായ ആദം അകന്നുപോയി. പാപത്തിന്റെ ശിക്ഷയായ നിത്യമരണത്തിന് അവൻ അർഹനായി തീർന്നു. ആദമിന്റെ സന്തതിപരമ്പരയായ മാനവവംശം മുഴുവൻ പാപത്തിന്റെ അടിമത്തത്തിലായി. നീതിമാനായ ദൈവത്തിന് പാപത്തെ ശിക്ഷിക്കാതിരിക്കുവാൻ സാധിക്കില്ല. എന്നാൽ സ്നേഹവാനായ ദൈവം ഒരു രക്ഷാമാർഗ്ഗം ഒരുക്കി. ദൈവിക ത്രിത്വത്തിലെ രണ്ടാമനായ പുത്രനെ (യേശുക്രിസ്തുവിനെ) ഭൂമിയിലേക്ക് അയച്ചു. സർവ്വ മാനവരാശിയുടെയും, സകല തെറ്റുകളും സ്വയം ഏറ്റെടുത്തുകൊണ്ട്, അവർക്ക് പകരമായി യേശുക്രിസ്തു കാൽവറി ക്രൂശിൽ പാപപരിഹാരബലിയായി തന്റെ ജീവനെ അർപ്പിച്ചു. നമ്മുടെ ഓരോരുത്തരുടെയും നീതികരണത്തിനായി പുത്രൻ ഉയർത്തെഴുന്നേറ്റു. മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ യേശുവിനെ നമ്മുടെ ജീവിതത്തിന്റെ നാഥനും കർത്താവുമായി അംഗീകരിക്കുകയും ചെയ്യുമ്പോൾ ദൈവം നമ്മോടു നമ്മുടെ പാപങ്ങളെ ക്ഷമിച്ചു, നമ്മെ നിത്യ ജീവനു അവകാശികളാക്കിത്തീർക്കും.

4. ക്രിസ്തുവിന്റെ രണ്ടാം വരവ് :

ലോകത്തിനു ഒരു അവസാനമുണ്ട്, ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും യോഹന്നാൻ 14:3. അതിനാൽ വിശ്വാസകൾക്കു കർത്താവിന്റെ രണ്ടാം വരവ് ഒരു പ്രത്യാശയാണ്, സമാധാനമാണ്, അവിശ്വാസികൾക്കോ അതൊരിക്കലും ആശ്വാസം നല്കുകയുമില്ല.

മരണം സുനിശ്ചിതമാണ് – ഞാൻ തയ്യാറാണോ? ക്രിസ്തുവിന്റെ വരവും സുനിശ്ചിതമാണ് – ഞാൻ ഒരുങ്ങിയിട്ടുണ്ടോ? ന്യായവിധിയും സുനിശ്ചിതമാണ് – ജീവപുസ്തകത്തിൽ എന്റെ പേർ ഉണ്ടോ? ഞാൻ കർത്താവിനോടു വിശ്വസ്ത പുലർത്തിയാണോ ജീവിക്കുന്നത്? എന്റെ പേർ ജീവപുസ്തകത്തിൽ ഇതുവരെ ഇല്ലെങ്കിൽ, ഇനി താമസിക്കരുത്, സമയം അടുത്തു, വേണ്ടത് ചെയ്യുക, രക്ഷയുടെ സന്തോഷം അനുഭവിക്കുവാൻ പരിശുദ്ധാത്മാവു സഹായിക്കുമാറാകട്ടെ.

**ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 011**